**<u>കേരള സർക്കാർ</u>**

**<u>നഗരഗ്രാമാസൂത്രണ വകുപ്പ്, ജില്ലാ കാര്യാലയം,കണ്ണൂർ</u>**

**<u>ജില്ലാ നഗരാസൂത്രകൻറെ നടപടിക്രമം</u>**

സൂചന:- ജില്ലാ നഗരാസൂത്രണ കാര്യാലയം,കണ്ണൂർ - ശ്രീകണ്ഠപുരം നഗരസഭാ പരിധിയിൽ നിടിയേങ്ങ വില്ലേജ് നിടിയേങ്ങ, ദേശം റി.സ. നമ്പർ.10/1 ൽ പെട്ട ചെമ്പൻ തൊട്ടി എന്ന സ്ഥലത്തു നിലവിലുള്ള സ്കൂൾ കോമ്പൗണ്ടിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടം ക്രമവത്കരിക്കുന്നതിനും ഭൂ ഉപയോഗത്തിനും -ലെ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- 1. കെ.എം.ബി.ആർ.-2019 ചട്ടം

2. 21.05.2020 ലെ ഫാദർ.ജോസ്മാണിക്കത്താഴെ.വികാർ. സെൻ്റ് ജോർജ് ചർച്ച്.ചെമ്പന്തൊട്ടി എന്നവരുടെ അപേക്ഷ

**<u>ഉത്തരവ് നമ്പർ TCPKNR/430/2020 -സി .തീയ്യതി.03/06/2020</u>**

ശ്രീകണ്ഠപുരം നഗരസഭാ പരിധിയിൽ നീടിയേങ്ങ വില്ലേജ്,നീടിയേങ്ങ ദേശം റി.സ.നമ്പർ. 10/1 ൽ പെട്ട 20295.00 ച. മീവിസ്തൃതിയുള്ള സ്ഥലത്തു നിലവിലുള്ള സ്കൂൾ കോമ്പൗണ്ടിൽ നിർമ്മാണം പൂർത്തീകരിച്ച 2657.68 ച. മീ വിസ്തീർണ്ണമുള്ള മൂന്നു നില സ്കൂൾ കെട്ടിടം ക്രമവത്കരിക്കുന്നതിനു അനുമതിക്കായി ഫാദർ.ജോസ് മാണിക്കത്താഴെ .വികാർ.സെൻ്റ് ജോർജ്ചർച്ച് ചെമ്പൻ തൊട്ടി എന്നവർ സമർപ്പിച്ച പ്ലാൻ പ്രകാരം താഴെ പറയുന്ന ഉപാധികൾക്ക് വിധേയമായി ഭൂ ഉപയോഗത്തിനും ലെ ഔട്ട് അംഗീകാരവും നൽകി ഇതിനാൽ ഉത്തരവാകുന്നു.

**<u>ഉപാധികൾ</u>**

1.താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി. / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.

2.കെ.എം.ബി.ആർ.-2019 ചട്ടം 9 പ്രകാരം സ്ഥലത്തിൻ്റെ ഉടമസ്ഥത,സർവേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകൻറെ നിർമ്മാണാവകാശം, എന്നിവയും നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

3.നിർമ്മാണം കെ.എം.ബി.ആർ.-2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4.ഉപരിതല ദ്രവ-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സംവിധാനം ഒരുക്കിയിരിക്കണം.

5.കെ.എം.ബി.ആർ.-2019, ചട്ടം 76.1 പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം,76.2 പ്രകാരമുള്ള മഴവെള്ള സംഭരണി, 79(6) പ്രകാരമുള്ള ദ്രവ മാലിന്യ സംസ്കരണ സൗകര്യം എന്നിവ ലഭ്യമാക്കേണ്ടതാണ്.

6.ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ലിഫ്റ്റിൻ്റെ പ്രവേശന കവാടത്തിനു ചുരുങ്ങിയത് 90 സെ.മീ. വീതി ലഭ്യമാക്കണം. ലിഫ്റ്റ് പ്രവർത്തന ക്ഷമമാനെന്നു സെക്രെട്ടറി ഉറപ്പാക്കേണ്ടതാണ്

7.ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ടോയ്ലെറ്റിന് ചട്ടപ്രകാരം ആവശ്യമായ അളവുകൾ ലഭ്യമാക്കണം.

8.നിർമ്മാണം പൂർത്തീകരിച്ചതിനാൽ അനുവദിച്ചതിൽ കവിഞ്ഞ നിർമ്മാണം കെ.എം.ബി.ആർ–2019 ചട്ടം 92 പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന് തുല്യമായ തുക ഈടാക്കിക്കൊണ്ട് ക്രമവത്കരിക്കേണ്ടതാണ്.

9.കെ.എം.ബി.ആർ –2019 ചട്ടം 76.3 പ്രകാരം 450 ച.മീ. സ്ഥലവിസ്തീർണ്ണത്തിന് ഒരു മരം എന്ന തോതിൽ ആകെ 46 മരങ്ങൾ (നിലവിലുള്ളത് ഉൾപ്പെടെ) ഒക്കുപ്പെൻസി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നട്ടുവളർത്തേണ്ടതാണ്. ആയത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

10.നിലവിലുള്ളതും പൊളിച്ചു മാറ്റാൻ ഉദ്ദേശിക്കുന്നതുമായ മുഴുവൻ കെട്ടിടങ്ങളും കൂടാതെ പ്ലാനിൽ കാണിക്കാത്ത ഷെഡ്ഡുകളും പൊളിച്ചു മാറ്റിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

എൽ.എ നമ്പർ 19/2020 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച ഒരു കൂട്ടം കെട്ടിട വിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് നിർമ്മാണത്തിനുള്ള അനുമതി പത്രമല്ല ആയത് നഗരസഭയിൽ നിന്നും നിയമാനുസൃതം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

പകർപ്പ്:– സെക്രട്ടറി

ശ്രീകണ്ഠപുരം നഗരസഭ

Signature Not Verified
Digitally signed by Ranjith K V
Date: 2020.06.04 15:51:45 GMT+05:30
Reason: Approved

ടൌൺപ്ലാനർ .കണ്ണൂർ